മേൽ വിവരിച്ച പ്രവർത്തനങ്ങളിലൂടെ അമിത രാസവളകീടനാശിനി പ്രയോഗം കുറച്ച് സുരക്ഷിതമായ ഭക്ഷ്യോൽപ്പാദനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

**നെൽകൃഷി വ്യാപന പദ്ധതികൾ**

183 (3389) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്.ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വ്യാപന പദ്ധതികൾക്ക് കോടികൾ ചെലവഴിച്ചിട്ടും വയലുകളുടെ വിസ്തീർണ്ണവും ഉല്പാദനവും കുറയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നെൽകൃഷിയിൽ ശരാശരി ഉല്പാദനം ഹെക്ടറൊന്നിന് മൂന്ന് ടണ്ണിൽ കൂടുതലാക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി ; എത്ര തുക അനുവദിച്ചു ; വിശദമാക്കുമോ;

(സി) കൃഷി ഭവനുകളിൽ തയ്യാറാക്കിയ ഡാറ്റാ ബാങ്ക് അനുസരിച്ച് സംസ്ഥാനത്ത് എത്ര ഹെക്ടർ തരിശ് നിലമാണുണ്ടായിരുന്നത് ; ഇപ്പോൾ എത്ര ഹെക്ടർ തരിശ് നിലമുണ്ട്; തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി ; വിശദമാക്കുമോ?

ഉത്തരം

(എ) നെൽവയലുകൾ മറ്റാവശ്യങ്ങൾക്കായി നികത്തുന്നതിനാലാണ് ഓരോ വർഷം കഴിയുന്തോറും നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞ് വരുന്നത്. എന്നാൽ നെൽ വിസ്തൃതിയുടെ കുറവ് മുന്നിൽ കണ്ടുകൊണ്ട് നെൽപ്പാടങ്ങളിൽ നെൽകർഷകർക്ക് സബ്സിഡി നൽകി വിവിധ നെൽകൃഷി വികസന പദ്ധതികൾ മെച്ചപ്പെട്ട സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നടപ്പിലാക്കുകയും അതുവഴി ഉൽപ്പാദനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. അരിയുടെ ഉൽപ്പാദനം 2010-11-ൽ 522740 മെ.ടൺ ആയിരുന്നത് 2011-12 വർഷം 568993 മെ.ടൺ ആയി ഉയർന്നു. ആയതിനാൽ 2011-12 വർഷം മുൻവർഷത്തേക്കാൾ 46253 മെ.ടൺ അരി

LIBRARY ARCHIVES Kerala Legislative Assembly

അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുകയുണ്ടായി. 2012-13-ൽ അരിയുടെ ഉൽപ്പാദനം 508299 മെ.ടൺ ആയിരുന്നത് 2013-14-ൽ 564325 മെ.ടൺ ആയി വർദ്ധിക്കുകയുണ്ടായി. ഇത്തരത്തിൽ 2013-14 വർഷം മുൻവർഷത്തേക്കാൾ 56026 മെ.ടൺ അരി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. അരിയുടെ ഉൽപ്പാദനക്ഷമത 2010-11-ൽ 2452 കി.ഗ്രാം ആയിരുന്നത് 2011-12-ൽ 2733 കി.ഗ്രാമായും, 2012-13-ൽ 2577 കി.ഗ്രാം ആയിരുന്നത് 2013-14 വർഷം 2827 കി.ഗ്രാമായും, 2014-15-ൽ 2836 കി.ഗ്രാമായും ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷിയിൽ ശരാശരി ഉൽപ്പാദനം ഹെക്ടർ ഒന്നിന് 3 ടണ്ണിൽ കൂടുതൽ ആക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. * 2010-11-ൽ അരിയുടെ ഉൽപ്പാദന ക്ഷമത 2452 കി.ഗ്രാം ആയിരുന്നത് 2014-15-ൽ 2836 കി.ഗ്രാമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് സംസ്ഥാനത്തെ നെൽ വയലുകളുടെ ഡാറ്റാബാങ്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിരുന്നത്. 2014 വർഷം സംസ്ഥാനത്ത് 36686.772 ഹെക്ടർ തരിശുനിലമുള്ളതായി കണക്കാക്കിയിട്ടുണ്ട്. തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

**എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ**

184 (3390) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) കടം തിരിച്ചടയ്ക്കാത്തതുമായി ബന്ധപ്പെട്ട് ബാങ്കുകൾ ജപ്തി നോട്ടീസ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച്എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly